Downloaded From : http://cbseportal.com/

**Series JBB/C** **SET-4**

Code No. **12/C**

Roll No. | | | | | | | | |

Candidates must write the Code on the title page of the answer-book.

| കുറിപ്പ് | NOTE |
|---|---|
| (I) ചോദ്യപേപ്പറിൽ അച്ചടിച്ച **8** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക. | (I) Please check that this question paper contains **8** printed pages. |
| (II) പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുഭാഗത്തു കൊടുത്തിരിക്കുന്ന കോഡ് നമ്പർ ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്. | (II) Code number given on the right hand side of the question paper should be written on the title page of the answer-book by the candidate. |
| (III) ചോദ്യപേപ്പറിൽ **7** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക. | (III) Please check that this question paper contains **7** questions. |
| (IV) ഉത്തരമെഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക. | (IV) Please write down the Serial Number of the question in the answer-book before attempting it. |
| (V) ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്. | (V) 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period. |

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* — *ആകെ മാർക്ക് : 80*

*Time allowed : 3 hours* — *Maximum Marks : 80*



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

The question paper is divided into ***four*** sections :

Section A : Reading Comprehension 10 marks

Section B : Writing 14 marks

Section C : Grammar 20 marks

Section D : Literature 36 marks

## എ വിഭാഗം / SECTION A

**1.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

സാഹിത്യഭാഷയിൽ സംസ്കൃതത്തിന്റെ അതിപ്രസരം ക്രമാതീതമായപ്പോൾ വളർന്നു വന്ന ആശയമാണ്, അന്യഭാഷാപദങ്ങൾ കലരാത്ത പച്ചമലയാള പ്രസ്ഥാനം. പത്തൊമ്പതാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ കേന്ദ്രീകരിച്ചായിരുന്നു ഇതിന്റെ പ്രവർത്തനം. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനാണ് തനിമലയാളത്തിൻ ആദ്യമായി ഒരു കൃതി രചിച്ചത്. ചേലപ്പറമ്പു നമ്പൂതിരി, വെൺമണി അച്ഛൻ നമ്പുതിരിപ്പാട്, വെൺമണി മഹൻ നമ്പൂതിരിപ്പാട്, നടുവത്തച്ഛൻ നമ്പൂതിരി, ഒറവങ്കര നാരായണൻ നമ്പൂതിരി, ശീവൊള്ളി നാരായണൻ നമ്പൂതിരി, കാത്തുള്ളിൽ അച്യുതമേനോൻ, കുറുർ നാരായണ മേനോൻ, കോട്ടാരത്തിൽ ശങ്കുണ്ണി, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, മൂലൂർ പത്മനാഭപ്പണിക്കർ തുടങ്ങി യവരാണ് ഈ പ്രസ്ഥാനത്തിലെ പ്രമുഖകവികൾ. ബാല സാഹിത്യകാരിയായ സുമംഗല പച്ചമലയാളം നിഘണ്ടു തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം ഒരു നൂററാണ്ടിനു മുമ്പ് രണ്ട് സാഹിത്യകാരൻമാർ തമ്മിലുള്ള വാദപ്രതിവാദമാണ് ഇതിന്റെ പിറവിക്ക് കാരണമായത്. മലയാളസാഹിത്യത്തിന്റെ വളർച്ചയ്ക്ക് നിദാനമായ വിദ്യാവിനോദിനി മാസികയുടെ ജനയിതാവായ സി.പി.



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

അച്യുതമേനോനും അതിനെ എതിർത്ത കവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും ആയിരുന്നു, അവർ സംസ്കൃത പദങ്ങൾ തീരെ ഉപേക്ഷിച്ച് ഒന്നോ രണ്ടോ ശ്ലോകങ്ങൾ രചിക്കുക എന്നതിൽ കവിഞ്ഞ് ഒരു കാവ്യം പൂർണമായും രചിക്കുക അസാധ്യമാണെന്ന് അച്യുതമേനോനും അത് സാധ്യമാണെന്ന് കുഞ്ഞിക്കുട്ടൻ തമ്പുരാനും വാദിച്ചു. വാദം സമർത്ഥിക്കുന്നതിനായി തമ്പുരാൻ 'നല്ലഭാഷ' എന്നൊരു കാവ്യം നിർമ്മിച്ച് കൊല്ലവർഷം 1066 ൽ വിദ്യാവിനോദിനിയിൽ പ്രസിദ്ധീകരിച്ചു. തുടർന്നുണ്ടായ കവികളിൽ പ്രമുഖനായ കുണ്ടൂർനാരായണ മേനോന്റെ 'നാലുഭാഷാ കാവ്യാങ്ങൾ' എന്ന പേരിൽ സമാഹരിക്കപ്പെട്ട കോമപ്പൻ, ശക്തൻ തമ്പുരാൻ, പാക്കനാർ, കണ്ണൻ എന്നീ കൃതികൾ പച്ചമലയാള രീതിയിൽ രചിക്കപ്പെട്ടവയാണ്.

**ചോദ്യങ്ങൾ :**

(i) ഏതു സാഹചര്യത്തിലാണ് പച്ചമലയാള പ്രസ്ഥാനത്തിന്റെ പിറവിയുണ്ടായത് ? *2*

(ii) സി.പി. അച്യുതമേനോനും കുഞ്ഞിക്കുട്ടൻ തമ്പുരാനും വാദിച്ചതെന്ത് ? *2*

(iii) പച്ചമലയാള പ്രസ്ഥാനത്തിൽ കുണ്ടൂർ നാരായണ മേനോന്റെ സംഭാവനയെന്ത് ? *2*

(iv) പച്ചമലയാള പ്രസ്ഥാനത്തിലെ പ്രമുഖകവികൾ ആരെല്ലാം ? *2*

(v) പച്ചമലയാള നിഘണ്ടു എഴുതിയതാര് ? ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. *2*


Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

## ബി വിഭാഗം / SECTION B

**2.** (a) ഏതെങ്കിലും **ഒരു** വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക. *7*

(i) മലയാളിയും മലയാളവും

(ii) നൂതന സാങ്കേതിക വിദ്യയും വിദ്യാഭ്യാസവും

(iii) കേരളത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ

(b) പരിസര മലിനീകരണം മൂലം പകർച്ചവ്യാധികൾ പടർന്നു പിടിച്ചിരിക്കുന്ന സാഹചര്യത്തിൽ സത്വരശ്രദ്ധ വേണമെന്ന് അപേക്ഷിച്ചുകൊണ്ട് പഞ്ചായത്ത് പ്രസിഡണ്ട് എന്ന നിലയിൽ ജില്ലാ പ്രാഥമികാരോഗ്യകേന്ദ്രം ഡയറക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. *7*

## സി വിഭാഗം / SECTION C

**3.** (a) പ്രയോഗം മാറ്റുക. *1×2=2*

(i) കണ്ടുണ്ണി ശ്രവണത്തിനപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു.

(ii) സൂചി ഉയർത്തുമ്പോഴെല്ലാം അയാൾ അജ്ഞാതമായൊരു പാട്ടിനു വേണ്ടി കാതോർത്തു.

(b) അംഗവാക്യം, അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക. *1×2=2*

(i) ഗേറ്റിൽ ചീട്ടു തിരിച്ചുകൊടുത്തു കൊണ്ട് വെള്ളായിയപ്പൻ പുറത്തു കടന്നു.

(ii) ശിബിരത്തിൽ നിന്നു പുറത്തു ചാടി ഓടാൻ ചെന്നവരെ കൃപരും കൃതവർമ്മാവും ദ്വാരദേശത്ത് വെച്ച് കൊന്നുവീഴത്തി.


Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

(c) വാക്യത്തിൽ തെററുണ്ടെങ്കിൽ തിരുത്തുക. *1×2=2*

(i) ഇങ്ങനെ ഭുവനവിദിതവും ലോകപ്രശസ്ഥവുമായ മാവിന്റെ വംശത്തിലാണ് ഞങ്ങളുടെ കൊച്ചുചക്കരച്ചി വന്നു പിറന്നത്.

(ii) ഏകദേശം രണ്ടു മാസത്തോളം ഇടവിട്ട് പുതിയ ബാറ്ററികൾ മാററിയിട്ടുകൊണ്ട് ചാക്കുണ്ണി റേഡിയോയ്ക്ക് കണ്ഠശുദ്ധി വരുത്തി.

(d) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. *1×2=2*

(i) തെല്ലുറക്കെ

(ii) മായുമെഴുത്തുകൾ

(e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. *1×2=2*

(i) സുന്ദരദൃഷ്ടി

(ii) ശാഖോപശാഖകൾ

(f) പര്യായപദങ്ങൾ എഴുതുക. *1×2=2*

(i) മേധം

(ii) മൊഴി

(g) നാനാർത്ഥപദങ്ങൾ എഴുതുക. *1×2=2*

(i) അടി

(ii) അണയുക

**4.** ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

(a) വിപരീതപദം എഴുതുക. *1×2=2*

(i) ഉച്ചം

(നീചം, അത്യുച്ചം, മന്ദം, അലസം)

(ii) അനുകൂലം

(കൂലം, പ്രകൂലം, പ്രതികൂലം, നുകൂലം)


Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

(b) അർത്ഥവ്യത്യാസം എഴുതുക. $\frac{1}{2}\times4=2$

(i) അങ്കം – അങ്കണം
(മുററം, ആകാശം, യുദ്ധം, നികുതി)

(ii) ക്ഷതം – ക്ഷയം
(കഴുത്ത്, നാശം, മുറിവ്, ഔഷധം)

(c) എതിർലിംഗം എഴുതുക. $1\times2=2$

(i) സന്തുഷ്ടൻ
(സന്തുഷ്ടി, സന്തുഷ്ട, സന്തോഷവതി, തുഷ്ടി)

(ii) ഘാതകൻ
(ഘാതകി, ഘാതിക, ഘാതാവ്, ഘാതിനി)

## ഡി വിഭാഗം / SECTION D

**5.** ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക. $\frac{1}{2}\times4=2$

(a) (i) "ഓണക്കാലത്തുണരും ഞാൻ, തിരു -
വോണപ്പാട്ടുകളാണെൻ പാട്ടുകൾ." ഇത് ആരുടെ വരികളാണ് ?
(വി. മധുസൂദനൻ നായർ, കുമാരനാശാൻ, വയലാർ രാമവർമ്മ, വൈലോപ്പിള്ളി ശ്രീധരമേനോൻ)

(ii) ജീവനൊടുക്കാൻ പൊയ്കയിലേയ്ക്ക് ചാടിയ നളിനിയെ രക്ഷിച്ചതാര് ?
(ദിവാകരൻ, സന്യാസിനി, അച്ഛൻ, മുക്കുവൻ)

(iii) സർഗ്ഗശേഷിയാകുന്ന കുതിരയെ തളയ്ക്കുവാൻ യോഗദണ്ഡുമായ് ആരാണ് വന്നത് ?
(പ്രപിതാമഹർ, ദൈവം, ആഗമതത്ത്വവേദികൾ, രാജകീയോന്മത്ത സേനകൾ)

(iv) 'ലക്ഷ്മണ സാന്ത്വനം' എന്ന പാഠഭാഗം എടുത്തത് ഏത് കൃതിയിൽ നിന്നാണ് ?
(അധ്യാത്മരാമായണം കിളിപ്പാട്ട്, വാൽമീകി രാമായണം, മഹാഭാരതം കിളിപ്പാട്ട്, കൃഷ്ണഗാഥ)


Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

(b) (i) വിശ്വവിഖ്യാത റഷ്യൻ നോവലിസ്റ്റ് ആയ ദസ്തയേവ്സ്കിയുടെ ജീവിതത്തെ ആസ്പദമാക്കി രചിച്ച നോവൽ.

(വേനലിൽ പൂക്കുന്ന മരം, ഒരു സങ്കീർത്തനം പോലെ, ഭാരതപര്യടനം, ഖസാക്കിന്റെ ഇതിഹാസം.)

(ii) മർമ്മങ്ങളിൽ പെരുവിരൽ ഊന്നിയമർത്തി ദ്രൗണി കഥ കഴിച്ചത് ആരെ ?

(യുധിഷ്ഠിരൻ, പരീക്ഷിത്ത്, ധൃഷ്ടദ്യുമ്നൻ, ശിഖണ്ഡി)

(iii) 'പണയം' എന്ന കഥയുടെ പശ്ചാത്തലം എവിടെയാണ് ?

(പാടുതറ ഗ്രാമത്തിൽ, ആറാട്ടു കുന്നിൽ, കുരുക്ഷേത്രത്തിൽ, സെന്റ്പീറ്റേറ്റഴ്സ്ബർഗിൽ)

(iv) അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്ന പോലെ വെള്ളായിയപ്പൻ ഇരുന്നതെവിടെയാണ് ?

(ജയിലിന്റെ ഉമ്മറത്തെ ചാരു പടിയിൽ, തീവണ്ടിയാപ്പീസിലെ ബെഞ്ചിൽ, വിജനമായ കടൽത്തീരത്ത്, തിരക്കുള്ള തീവണ്ടിയ്ക്കകത്ത്) $\frac{1}{2}\times4=2$

**6.** (a) ഉത്തരമെഴുതുക. $4\times3=12$

(i) "നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം" - സന്ദർഭം, ആശയം, ഇവ വിവരിക്കുക.

(ii) മഹാബലിയെ വരവേൽക്കാൻ പ്രകൃതി നടത്തുന്ന ഒരുക്കങ്ങൾ 'ഓണമുററത്ത്' എന്ന കവിതയെ ആസ്പദമാക്കി വിവരിക്കുക.

(iii) "അന്യ ജീവനുതകി സ്വജീവിതം-
ധന്യമാക്കുമമലേ, വിവേകികൾ." - സന്ദർഭവും ആശയവും വിവരിക്കുക.



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

(b) (i) "വീടാത്ത കടങ്ങൾ പടച്ചോന്റെ സൂക്ഷിപ്പുകളാണ്, അത് അങ്ങനെ തന്നെ ഇരിക്കട്ടെ" - ഇത് പറഞ്ഞതാര് ? പറയാനുണ്ടായ സാഹചര്യം വ്യക്തമാക്കുക.

(ii) "കൊച്ചു ചക്കരച്ചിക്കുവന്ന മാനുഷിക ഭാവങ്ങളാണ് ആ പാഠത്തെ മനോഹരമാക്കിത്തീർക്കുന്നത് " - വിശദീകരിക്കുക.

(iii) "ആ ഹൃദയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിററു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും ?" - ഇങ്ങനെ പറയാൻ കാരണമെന്ത് ? വിശദീകരിക്കുക. *4×3=12*

**7.** ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക *4×2=8*

(a) കുഞ്ഞൻ പിള്ള താനന്വേഷിച്ചുനടന്ന ആത്മീയ ഗുരുവിനെ കണ്ടെത്തിയതെങ്ങനെ ? വിശദീകരിക്കുക.

(b) ചട്ടമ്പി സ്വാമികളുടെ ജീവിതരീതികളും ഭക്ഷണക്രമവും വിവരിക്കുക.

(c) "അറിവില്ലാത്തവർക്ക് വെളിവുണ്ടാക്കുവാനുള്ള സ്വാമികളുടെ കഴിവ് പ്രസിദ്ധമാണ്" - ഉദാഹരണ സഹിതം വ്യക്തമാക്കുക.


Downloaded From : http://cbseportal.com/ Courtesy : CBSE